PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session (Second Meeting) 1969

Thursday, the 16th October 1969

Vol. XXV] OFFICIAL REPORT [No. 26

The Assembly met in the Assembly Chamber, Trivandrum at eight of the clock on Thursday, the 16th October 1969, with Mr. Deputy Speaker in the Chair.

I. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session)

(i) ORAL ANSWERS

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ.

അഞ്ചാം ധനകാര്യക്കമ്മീഷൻ

*295 [1022] ശ്രീ. സി. കെ. ബാലകൃഷ്ണൻ:
,, എ. പി. കുര്യൻ :
,, ടി. കെ. രാമകൃഷ്ണൻ :
,, വി. എസ്. അച്യുതാനന്ദൻ:
,, പി. കെ. കുഞ്ഞച്ചൻ :
,, എ. എസ്. എൻ. നമ്പീശൻ :
,, വി. വി. ദക്ഷിണാമൂർത്തി :
,, പാലൊളി മുഹമ്മദുകുട്ടി :
,, സി. ഗോവിന്ദപ്പണിക്കർ :
,, ടി. കെ. കൃഷ്ണൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ മന്ത്രി സദയം മറുപടി നൽകുമോ :—

(എ) അഞ്ചാം ധനകാര്യക്കമ്മീഷൻ റിപ്പോർട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിനെപ്പറ്റി സ്റ്റേറ്റു ഗവൺമെൻറിൻെറ നിലപാടെന്തെന്നു വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) ഉണ്ട്.

(ബി) 1969-70 മുതൽ 1973–74 വരെയുള്ള അഞ്ചു വർഷക്കാലത്തേക്ക് സംസ്ഥാനത്തിൻെറ റവന്യൂ അക്കൗണ്ടിൽ ഉദ്ദേശം 430 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ കമ്മിയുണ്ടാകുമെന്നും ഈ കമ്മി കേന്ദ്ര നികുതി വിഹിതമായും ഗ്രാന്റു ഇൻ എയിഡായും അനുവദിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റു അഞ്ചാം ധനകാര്യക്കമ്മീഷനോടാവശ്യപ്പെട്ടത്. എന്നാൽ അഞ്ചാം ധനകാര്യക്കമ്മീഷന്റെ അവാർഡുപ്രകാരം സ്റ്റേറ്റു ഗവൺമെന്റിനു ലഭ്യമാകുന്നതു 193·43 കോടി രൂപ മാത്രമാണ്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഈ അവാർഡ് പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്ന് ഇൻഡ്യൻ യൂണിയൻ പ്രസിഡൻറിനോടും പ്രധാന മന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഇങ്ങനെ അപേക്ഷ കൊടുത്തശേഷം പത്രത്തിൽ കാണുകയുണ്ടായി തുക വർദ്ധിപ്പിക്കുന്നതാണെന്ന്. ഈ തുക വർദ്ധിപ്പിച്ചുകിട്ടുന്നതിനു എന്തെങ്കിലും തീരുമാനം കേന്ദ്ര ഗവൺമെൻറു അറിയിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതു സംബന്ധിച്ചു ചില കത്തിടപാടുകൾ നടന്നിട്ടുണ്ട്. പുനഃപരിശോധന ചെയ്യുന്ന യാതൊരു സൂചനയും അതിൽ കാണുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്ര ഗവൺമെൻറുമായി ഉത്തരവാദപ്പെട്ട ചർച്ച നടത്തിയതായി പത്രത്തിൽ കണ്ടു. ചർച്ചകളുടെ ഫലം എന്തായിയെന്നു പറയാമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ നേരത്തെ പറഞ്ഞതുപോലെ ചർച്ച ചില കത്തിടപാടുകൾ വഴിയും നടന്നു; സംഭാഷണം വഴിയും മന്ത്രി നിലവാരത്തിലും ഉദ്യോഗസ്ഥൻമാരുടെ നിലവാരത്തിലും മറും നടന്നിട്ടുണ്ട്. എന്നാൽ അതുകൊണ്ടു നമ്മുടെ സ്റ്റേറ്റിന്റെ ന്യായമായ ആവശ്യം അനുവദിച്ചു കിട്ടുമെന്നുള്ളതിന്റെ യാതൊരു സൂചനയും ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: നമ്മുടെ സ്റ്റേറ്റിനോടു പൂർണ്ണമായി കാണിക്കുന്ന ഈ അവഗണനക്കെതിരായി എന്തെങ്കിലും പ്രവർത്തനം നടത്തുന്നതിനു ഈ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ ? കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ അനുവദിച്ചു കിട്ടുന്നതിലേക്ക് എന്തു ചെയ്യാനാണ് ഈ ഗവൺമെൻറുദ്ദേശിക്കുന്നത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്. അതെല്ലാം പോളിസി കാര്യമാണ്. അതെല്ലാം ചോദ്യോത്തരവേളയിൽ പറയുവാൻ പ്രയാസം ഉണ്ട്.

ശ്രീ. ഇ. അഹമ്മദ്: കേരളാ ഗവൺമെൻറു കേന്ദ്രത്തിലേക്ക് തിരിച്ചു കൊടുക്കുവാനുള്ള സംഖ്യയുടെ ഒരു ഭാഗം റൈറ്റു ഓഫ് ചെയ്യണമെന്നു കേരളാ ഗവൺമെൻറു ധനകാര്യക്കമ്മീഷനോടു നിവേദനം നടത്തിയിരുന്നു. ധനകാര്യക്കമ്മീഷൻ ആ നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറിലേയ്ക്കു വല്ല നിവേദനവും അടുത്ത കാലത്തു നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതിന്റെ വിശദാംശങ്ങളിലേയ്ക്കു—ചർച്ച ചെയ്യത്തക്ക സ്ഥിതിയിലേയ്ക്കു—ഞാൻ എത്തിയിട്ടില്ല.

ശ്രീ. ഒ. കോരൻ: കേരളത്തോടു കാണിക്കുന്ന ഈ അവഗണനയെ പ്രതിഷേധിക്കുന്നതിനു ശക്തിയായ നടപടികൾ ഗവൺമെൻറു സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ചീഫ് മിനിസ്റ്റർ പറഞ്ഞല്ലോ അതൊരു പോളിസി കാസ്റ്റിംഗ് ആണെന്ന്.

ശ്രീ. എൻ. കെ. ശേഷൻ: ഇതു സംബന്ധിച്ചു ഈ സ്റ്റേറ്റിന്റെയും സഭയുടെയും തീവ്രമായ വികാരങ്ങൾ കണക്കിലെടുത്തു കൊണ്ടു അടുത്ത എത്രാനും ദിവസങ്ങൾക്കുള്ളിൽ ഒരു ദിവസം ഇതുസംബന്ധിച്ചു പ്രത്യേക ചർച്ച നടത്തുന്നതിനെ സംബന്ധിച്ച് ഈ സഭാ നേതാവു കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആലോചിക്കുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതു നമുക്കു ആലോചിക്കാം.

ശ്രീ. കെ. കരുണാകരൻ: ധനകാര്യക്കമ്മീഷന്റെ റിപ്പോർട്ടു കിട്ടിയതിനുശേഷം നമ്മുടെ സ്റ്റേറ്റിന്റെ സാമ്പത്തിക നിലയിൽ എന്തു പ്രത്യേകതയുണ്ടാകും എന്ന കാര്യത്തെപ്പറ്റി കേന്ദ്രത്തോടു നിവേദനം നടത്തണമെന്നു മന്ത്രിസഭ കൂടിയാലോചിച്ചു തീരുമാനിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം എന്താണെന്നു വെളിപ്പെടുത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: മന്ത്രിസഭ പരിഗണിച്ചിട്ടുണ്ടോ എന്നുള്ള കാര്യത്തിലേയ്ക്കു കടക്കാതെ തന്നെ ഈ സ്റ്റേറ്റിന്റെ ആവശ്യങ്ങളും ഈ സ്റ്റേറ്റിന്റെ പരാതികളും വ്യക്തമാക്കുന്നതായിട്ടുള്ള നിവേദനം നേരത്തെ സൂചിപ്പിച്ചതുപോലെ ഓറലായിട്ടും റിട്ടണായിട്ടും മന്ത്രിയുടെ നിലവാരത്തിലും ഉദ്യോഗസ്ഥൻമാരുടെ നിലവാരത്തിലും എല്ലാം നടത്തിയിട്ടുണ്ട്. ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ: കേരളത്തിലെ മന്ത്രിസഭ ഇതെപ്പറ്റി ഒരു തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു എന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതിന്റെ കാര്യം പറഞ്ഞു കഴിഞ്ഞു. ഈ പ്രശ്നം സംബന്ധിച്ചു നമ്മുടെ നാട്ടിലുള്ള പരാതികളും നമ്മുടെ അവകാശങ്ങളും എല്ലാം കാണിച്ചു നിവേദനം നടത്തിയിട്ടുണ്ട്. ഇപ്പോഴും അതെല്ലാം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്: അടുത്ത അഞ്ചു കൊല്ലക്കാലത്തേക്ക് 430 കോടി രൂപയോളം കമ്മി നമ്മുടെ സ്റ്റേറ്റിലുണ്ടാകുമെന്നു പറഞ്ഞു. അടുത്തഅഞ്ചു കൊല്ലക്കാലത്തേക്ക് തൊഴിലില്ലാത്തവർക്കു തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിനു നൂറുകോടി രൂപയോളം ചെലവു വരുന്ന ഒരു പദ്ധതി ഇവിടത്തെ ലേബർ മിനിസ്റ്റർ അങ്ങ് ഇവിടില്ലാതിരുന്ന സമയത്തു പ്രഖ്യാപിച്ചിട്ടുണ്ട്. ആ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നതു കൊണ്ടു പ്ലാനിംഗ് കമ്മീഷനും ധനകാര്യ മന്ത്രിയും പറയുന്നതു അനീതിയാണെന്നു പറയാതെ നമ്മുടെ സ്റ്റേറ്റിനു കിട്ടേണ്ട വിഹിതത്തിനു കോട്ടം വരാതിരിക്കുവാൻ പ്രത്യേകം നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സംസ്ഥാന വിഹിതത്തിനു കോട്ടം തട്ടാതിരിക്കണമെന്നു ആത്മാർത്ഥമായി അപേക്ഷിക്കുന്നതോടൊപ്പം തന്നെ ഇതു സാധ്യമല്ല എന്നു സൂചിപ്പിക്കുന്നതരത്തിലുള്ള പരാമർശങ്ങൾ ബഹുമാനപ്പെട്ട മെമ്പറെപ്പോലുള്ളവർ ഒഴിവാക്കുന്നതു നന്നായിരിക്കും.

ശ്രീ. കെ. എം. ജോർജ്: ധനകാര്യക്കമ്മീഷൻ നീതി ചെയ്യുന്നില്ല എന്ന കാര്യത്തിൽ തർക്കമില്ല. ആ അഭിപ്രായത്തിൽ ഉറച്ചു നിന്നുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ പറയുകയാണ്, ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ അങ്ങ് ഇവിടെ ഇല്ലാതിരുന്ന സമയത്തു ഒരു സപ്നപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ അത്തരം പ്രഖ്യാപനങ്ങൾ ഉണ്ടാകുകയില്ല എന്നു വിശ്വസിക്കുകയാണ്. ഇങ്ങനെ പ്രഖ്യാപിക്കുമ്പോൾ നമുക്കു കിട്ടേണ്ടതായ വിഹിതത്തിനു അതു ദൂഷ്യം ചെയ്യാതിരിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: തൊഴിലില്ലായ്മ ഈ രാജ്യത്തു അനുഭവപ്പെടുന്ന ഒരു വലിയ പ്രശ്നമാണ്. നൂറുകോടി രൂപയുടെ ഈ പദ്ധതി ഇവിടെ എങ്ങനെ പ്രഖ്യാപിച്ചു എന്നുള്ളതു ഞാൻ പിന്നെ പറയാം. അതിന്റെ വിശദാംശങ്ങൾ വേറൊരു സന്ദർഭത്തിലാകാം. ഇത്ര പ്രധാനമായ പ്രശ്നം അനുഭവപ്പെടുന്ന കേരളത്തെപോലുള്ള സംസ്ഥാനങ്ങൾക്കു പരിഹാരം കാണണമെങ്കിൽ അതിനുള്ള റിസോഴ്സസ് അതതു സംസ്ഥാനത്തുനിന്നു തന്നെ കാണണമെന്നില്ല. കേരളത്തിൽ നിന്നു തന്നെ ഇതിലേയ്ക്കുള്ള റിസോഴ്സസ് ഉണ്ടാക്കണമെന്നില്ല. ഭക്ഷ്യ കാര്യത്തിൽ കേന്ദ്രത്തോടു ആവശ്യപ്പെടുന്നതുപോലെ തന്നെ തൊഴിലില്ലായ്മയുടെ കാര്യത്തിലും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും തൊഴിലില്ലായ്മ പരിഹരിക്കപ്പെടാതെ പോകുകയാണെങ്കിൽ ഉണ്ടാകാവുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളെല്ലാം പരിഗണിച്ച്; കൽക്കട്ടായിലും ആസാമിലും ഇപ്പോൾ കേന്ദ്രം പലതും ചെയ്യുന്നുണ്ടല്ലോ ? ; ബാക്ക്വേർഡ് റീജിയൻസ് നന്നാക്കാനുള്ള പല കാര്യങ്ങളും ചെയ്യുന്ന കൂട്ടത്തിൽ കേരളത്തെപോലെ ഇത്രയേറെ പ്രശ്നമുള്ള ഒരു സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു നൂറു കോടിയല്ല, ഇരുനൂറു കോടി വേണമെങ്കിലും സംസ്ഥാനത്തിനു കഴിയുന്നതു സംസ്ഥാനമുണ്ടാക്കിയശേഷം ബാക്കി വരുന്ന ചെലവു കേന്ദ്രം വഹിക്കണമെന്നുള്ള കൂട്ടായ ആവശ്യത്തിനു മെമ്പറൻമാരുടെ പിന്തുണകൂടി ഉണ്ടാകുന്നതു നന്നായിരിക്കും.

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആശയഗതിയോടു നൂറു ശതമാനം യോജിച്ചു കൊണ്ടുതന്നെ ലേബർ മന്ത്രിയോടു ഈ നൂറുകോടി രൂപ എങ്ങനെയുണ്ടാക്കുമെന്നു ആരാഞ്ഞപ്പോൾ ഈ രാജ്യത്തു സ്വത്തുകാർ ഉണ്ട്, ഭൂ സ്വാമികൾ ഉണ്ട്, സമ്പത്തുള്ള കർഷകർ ഉണ്ട്, കുത്തക മുതലാളിമാർ ഉണ്ട് അവരിൽ നിന്നും പിരിച്ചെടുക്കാമെന്നു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവിടെ അവശത കുറവാണെന്നും ശരിയായി ടാപ്പു ചെയ്തു വരാത്തതാണെന്നും ഉള്ള നിഗമനത്തിൽ ധനകാര്യക്കമ്മീഷന്റെ അനുകൂലമായ തീരുമാനത്തിനു തടസ്സമായിത്തീരരുതെന്നുള്ള അടിസ്ഥാനത്തിലാണ് ഈ മാതിരി പ്രഖ്യാപനങ്ങൾ നടത്തുന്നത് ഇതിനു പ്രതികൂലമായി വരുമെന്നു ഞാൻ സൂചിപ്പിച്ചത്. നമുക്കു ഒന്നിച്ചു നിന്നു കേന്ദ്രം ഇത്ര തരണം എന്നാവശ്യപ്പെട്ടാൽ തരുമെങ്കിൽ ഈ ഭാഗത്തു യാതൊരു വിരോധവുമില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കേരളത്തിലെ കുത്തക മുതലാളിമാരിൽ നിന്നും പിരിക്കണമെങ്കിൽ തന്നെയും കേന്ദ്രം വരണമല്ലോ ? ഭരണഘടന ശ്രീ. ജോർജിനും അറിയാം എന്നാണ് തോന്നുന്നത്. ആ നിലയ്ക്കു കേരളത്തിലെ റിസോഴ്സസ് നോക്കി നാച്വറൽ റിസോഴ്സസും ഹ്യൂമൻ റിസോഴ്സസും ഫൈനാൻഷ്യൽ റിസോഴ്സസും നോക്കി അത്യാവശ്യമായ ഒരു പദ്ധതി തയാറാക്കാൻ—എന്റെ സഹപ്രവർത്തകൻ പറഞ്ഞതു എന്താണെന്നു ഞാൻ നോക്കിയില്ല—ഒരു എക്കണാമിക്

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റുഡൻറ് എന്നുള്ള നിലയിൽ പറയുകയാണ്, ഭക്ഷ്യപ്രശ്നത്തെ പോലെ തന്നെ തൊഴിലില്ലായ്മ പ്രശ്നത്തിനും പരിഹാരം കാണാൻ ആവശ്യമായ ഫൈനാൻഷ്യൽ റിസോഴ്സസ് മറ്റു തരത്തിലുള്ള ധനാഗമ മാർഗ്ഗങ്ങളും കൂടാതെതന്നെ ഇവിടെ ഉണ്ടാക്കാൻ കഴിയും. പക്ഷേ അങ്ങനെ ഉണ്ടാക്കണമെങ്കിൽ ഈ കുത്തക മുതലാളിമാരെ പിടിക്കണം. കുത്തക മുതലാളിമാരെ പിടിക്കുവാനുള്ള അധികാരം കേന്ദ്രത്തിനാണുള്ളത്. ഇത്തരത്തിൽ നാഷണൽ റിസോഴ്സസും ഹ്യൂമൻ റിസോഴ്സസും എല്ലാം ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള ഒരു പദ്ധതി ഉണ്ടാക്കുന്നതിൽ കേരളത്തിനു ചെയ്യാവുന്നതു അങ്ങേയറ്റം സംഭാവന ചെയ്യുന്നതോടൊപ്പം കേന്ദ്രം ചെയ്യാനുള്ളതു ചെയ്യുകയും വേണം. അതിനാവശ്യമായ നടപടി എടുക്കണമെന്നുള്ളതിൽ ബഹുമാനപ്പെട്ട മെമ്പർ യോജിക്കുമെങ്കിൽ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് നമുക്കു വേറൊരു അവസരത്തിൽ ചർച്ച ചെയ്യാം.

ശ്രീ. കെ. കെ. അബു: ധനകാര്യ കമ്മീഷൻ ഓരോ സ്റ്റേറ്റിലും അനുവദിക്കുന്ന വിഹിതം ഏതു മാനദണ്ഡമനുസരിച്ചാണെന്നു പറയാമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ധനകാര്യക്കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മാനദണ്ഡം ശരിയോ തെറ്റോ എന്നുള്ളതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകും. നമുക്കും അഭിപ്രായ വ്യത്യാസം ഉണ്ട്. മാനദണ്ഡം എന്താണെന്ന് അറിയുന്നതിന്ന് ബഹുമാനപ്പെട്ട മെമ്പർ റിപ്പോർട്ടു വായിച്ചാൽ മതി.

ശ്രീ. കെ. എം. മാണി: ധനകാര്യ കമ്മീഷൻ ഓരോ സംസ്ഥാനത്തിനേറെയും വിഹിതം നിർണ്ണയിക്കുമ്പോഴും ആവശ്യപ്പെടുന്ന ചെലവ് ഐറ്റങ്ങളും പരിശോധിക്കുകയും, അപ്പോഴും ഒഴിവാക്കാവുന്ന ചെലവ് ഐറ്റങ്ങളും തള്ളി കളയുകയും ചെയ്യുകയില്ലേ? ഈ ഗവൺമെൻറു സമർപ്പിച്ചിട്ടുള്ളതിലും ചെലവ് ഐറ്റങ്ങളിൽ ഒഴിവാക്കാവുന്നതാണെന്നു പറഞ്ഞു ഏതെങ്കിലും ഒബ്ജക്ടു ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതൊന്നും തന്നെ ധനകാര്യക്കമ്മീഷന്റെ ജോലിയല്ല. ഏതു കാര്യത്തിൽ ചെലവു ചെയ്യണമെന്നും ഏതു കാര്യത്തിൽ ചെലവ് ചെയ്യരുതെന്നും എന്നുള്ളതു നയപരമായ പ്രശ്നമാണ്. ആ പ്രശ്നത്തിൽ പ്രവേശിക്കുന്നത് കമ്മീഷന്റെ ചുമതലയല്ല. നയപരമായ പ്രശ്നങ്ങളെപ്പറ്റി ഈ സഭയ്ക്കു അഭിപ്രായം പറയാം. കമ്മീഷനു അഭിപ്രായം ഇക്കാര്യത്തിൽ പറയാൻ സാധിക്കുകയില്ല. നയപരമായ കാര്യങ്ങളിലൊന്നും തന്നെ ധനകാര്യക്കമ്മീഷൻ പ്രവേശിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പറൻമാർക്ക് ധനകാര്യക്കമ്മീഷന്റെ ജോലി ഒരു മേലാളാണെന്നുള്ള ഒരു തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: കേരളത്തിലെ ജനങ്ങളെ വളരെയധികം ഗൗരവതരമായി ബാധിക്കുന്ന പ്രശ്നമെന്നുള്ള നിലയിൽ ധനകാര്യക്കമ്മീഷന്റെ റിപ്പോർട്ടിൽ തികഞ്ഞ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് കേരളത്തിലെ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളും കേന്ദ്ര ഗവൺമെൻറിന്റെ അടുക്കൽ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതിനെപ്പറ്റി ഒന്ന് ഒന്നര മാസക്കാലമായിട്ട് കേരളത്തിലുണ്ടായിരുന്ന ബഹുമാനപ്പെട്ട മെമ്പർക്ക് എന്നെക്കാൾ കൂടുതലായി അറിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ധനകാര്യക്കമ്മീഷന്റെ ശുപാർശ വളരെ നിരാശാജനകമായിട്ടു വന്നത്, വസ്തുനിഷ്ടമായ നിർദ്ദേശങ്ങളും ധനകാര്യക്കമ്മീഷന്റെ മുമ്പാകെ വയ്ക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണെന്നു അറിയുന്നത് ശരിയാണോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അല്ല എന്നുള്ളതിന് ധനകാര്യക്കമ്മീഷൻ ഇവിടെ വന്ന അവസരത്തിൽ പ്രതിപക്ഷ മെമ്പറൻമാർ പോലും നിവേദനം സമർപ്പിച്ചത് ഈ ഗവൺമെന്റു തയ്യാറാക്കിയ മെമ്മോറാൺഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്നുള്ളതിന് തെളിവാണ്.

ശ്രീ. എ. വി. കുഞ്ഞമ്പു: ധനകാര്യക്കമ്മീഷൻ മറ്റു സംസ്ഥാനങ്ങൾക്ക് ശുപാർശ ചെയ്തിട്ടുള്ളതിനേക്കാളും വളരെ താഴ്ന്ന സംഖ്യയാണ് കേരളത്തിലേക്ക് ശുപാർശ ചെയ്തിട്ടുള്ളത്. അതിനുള്ള കാരണമെന്താണ്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ധനകാര്യക്കമ്മീഷന്റെ തീരുമാനം ന്യായീകരിക്കേണ്ടത് എന്റെ ചുമതലയല്ല. ധനകാര്യക്കമ്മീഷൻ ചില കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അത് തെറ്റാണെന്നുള്ള കാര്യത്തിൽ ഞാനും ബഹുമാനപ്പെട്ട മെമ്പറും മാത്രമല്ല, ബഹുമാനപ്പെട്ട കരുണാകരനും, ബഹുമാനപ്പെട്ട ജോർജും കൂടി നിൽക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ഐക്യമുന്നണി ഗവൺമെന്റ്

*296 [1023] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂമന്ത്രി സഭയം മറുപടി നൽകുമോ:

കേരളത്തിലെ ഐക്യമുന്നണി ഗവൺമെന്റിനെ തകർക്കുന്നതിനു സി. ഐ. എ. പരിശ്രമിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

ഇല്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കേരളത്തിൽ ഒരു ആഭ്യന്തരയുദ്ധത്തിന് ആഹ്വാനം ചെയ്തിട്ടുള്ള ഇവിടത്തെ തൊഴിൽമന്ത്രി സി. ഐ. എ. യുടെ ഏജൻറാണെന്ന്.....

ഡെപ്യൂട്ടി സ്പീക്കർ: ആ ചോദ്യത്തിനുത്തരം പറയേണ്ടാ.

ശ്രീ. കെ. എം. മാണി: 1959-ൽ വിമോചനസമരത്തിന്റെ മുൻപന്തിയിൽ നിന്നവരും ഈ സഭയിൽ ഇപ്പോഴും അംഗമായിട്ടുള്ളതുമായ ഏതെങ്കിലും അംഗം ഈ രാജ്യത്തെ സി. ഐ. എ. യുടെ ഏജൻറായി പ്രവർത്തിച്ചുവരുന്നുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആരെങ്കിലും ഏജൻറൻമാരായി പ്രവർത്തിച്ചുവരുന്നുണ്ടോയെന്നുള്ളതല്ല ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യം. ആരെങ്കിലും പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് ചോദിച്ചിട്ടുള്ളത്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതിന് ചില നടപടിക്രമങ്ങളെല്ലാം ഉണ്ട്. അതനുസരിച്ച് പെട്ടിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly